"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വയനാട് ജില്ലയിലെ പൂതാടി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി. സുമിത്ര സി - യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2249/2024/LSGD തീയതി,തിരുവനന്തപുരം, 20-11-2024

പരാമർശം:-
1. വയനാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 27.01.2024 തീയതിയിലെ LSGD/JD/WYD/314 /2023-ബി2 നമ്പർ നടപടിക്രമം
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.05.2024ലെ LSGD/PD/17648/2024-DEC3 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി.സുമിത്ര സി യുടെ പ്രൊബേഷൻ കാലയളവ് 01/03/2019 മുതൽ 25/11/2022 വരെ ദീർഘിപ്പിച്ചു നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചിരിക്കുന്നു.ശ്രീമതി.സുമിത്ര സി 01/03/2016 പൂ ർവ്വാഹ്നം സേവനത്തിൽ പ്രവേശിച്ചിട്ടുണ്ടെന്നും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് പരാമർശം (1) പ്രകാരം 01/03/2018 മുതൽ 28/02/2019 വരെ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചിട്ടുള്ളതാണെന്നും, ഇക്കാലയളവിൽ ടിയാൾ പ്രൊബേഷനെ ബാധിക്കുന്ന അവധികളെടുത്തിട്ടില്ലെന്നും ടിയാളുടെ ജോലിയും സ്വഭാവും തൃപ്തികരമാണെന്നും ടിയാൾ 23/11/2022 ന് എം.ഒ.പി പരീക്ഷ വിജയിച്ചിട്ടുണ്ടെന്നും ടിയാളുടെ പേരിൽ വിജിലൻസ് കേസോ അച്ചടക്ക നടപടിയോ നിലവിലില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, 23.11.2022 ൽ വകുപ്പുതല പരീക്ഷ പാസ്സായ വയനാട് ജില്ലയിലെ പൂതാടി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി. സുമിത്ര സി-യുടെ പ്രൊബേഷൻ 24.11.2022 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ്, KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 01.03.2019 മുതൽ 25.11.2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം

2.ജില്ലാ ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , വയനാട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി,പൂതാടി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീമതി.സുമിത്ര സി . ക്ലർക്ക് , പൂതാടി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

6.ഡയറക്ടർ . ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.102/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 21-11-2024 11:14:54
സെക്ഷൻ ഓഫീസർ